സിറ്റിസൺ അസ്സിസ്റ്റൻറ്

# തദ്ദേശസ്വയംഭരണ വകുപ്പിൽ സ്ഥിരം അദാലത്ത്

(Refer GO No..916/2023/LSGD dt 25-4-23 and Letter No. LSGD/PD/20630/2023-VIGAS dt 17-5-23 of Principal director)

(കെട്ടിട നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, ക്രമവൽക്കരണം, നമ്പറിംഗ്, ലൈസൻസുകൾ, ജനന-മരണ-വിവാഹ രജിസ്ട്രേഷൻ എന്നീ വിഷയങ്ങളിലെ ഹരജികൾ പരിഗണിക്കുന്നതിന് )

## ഉപജില്ലാ അദാലത്ത് നം.7 തിയ്യതി 12-9-23ന് 2 പി എംന്

## മിനുട്സ്

ഹാജർ :

1- ഖാലിദ് പി കെ, ഇൻറേണൽ വിജിലൻസ് ഓഫീസർ & കൺവീനർ
2- റെനി എൽ ജെ, ഡെപ്യൂട്ടി ടൌൺ പ്ലാനർ, അംഗം
3- മനോജ്കുമാർ എം എസ്, അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ, അംഗം
4- മായാദേവി, സെക്രട്ടറി, ഇരിമ്പിളിയം ജി പി
5- റീന, അസി. എഞ്ചിനീയർ, ഇരിമ്പിളിയം ജി പി
6- ജോയ്, സെക്ഷൻ ക്ലാർക്ക്, കുറ്റിപ്പുറം ജി പി
7- സുജാത, സെക്ഷൻ ക്ലാർക്ക്, എടയൂർ ജി പി
8- നസീമ, HM, HALP School, വലിയകുന്ന്
9- ആയിഷ കുറ്റിപ്പുറത്തിന് വേണ്ടി ബന്ധു

അദാലത്തിൽ പരിഗണിച്ച അപേക്ഷകളുടെ/പരാതികളുടെ വിവരം

| Sl No | Doc. No: | Service Type | Local body | Applicants Name | Subject/Complaint | Application No |
|---|---|---|---|---|---|---|
| 1 | BPMPM 20955000014 | Building Permit | Kuttippuram | Ayisha | Delay in getting the building permit (industrial purpose). The application was submitted on 27/05/2023. The service delivery date was on 03/07/2023. I approached for the building permit in panchayat office for more than ten times in two months which includes meeting the secretary thrice, since the delivery date was over. Kindly look into the issue and help me in getting the building permit as soon as possible. After incessant enquiring the secretary told me that it was delayed due lack of staffs and the employees responsible was on leave. | 400894 /BPMC01/ GPO/2023 /3592 |
| 2 | BPMPM 20953000001 | Building Permit | Irimbiliyam | KT JAMEELA | construction utilising central fund for SCHOOL NEW KITCHEN. PERMISSION application submitted in irimbiliyam GP on 18-5-23. notice received directiong to rectify total build up area calculation, coverage, fsi, sanitary, rain water capacity, urinary, washbasin calculation etc. after rectifying this, resubmitted on 1-8-23. yet not issued permit. hence staff and students suffer. central fund may laps | 400892 /BPRL01/ GPO/2828 /2023 dt 5-7-23 |
| 3 | BPMPM 20952000001 | Building Permit | Edayur | Muneer and Fathima Suhara | വീട് നമ്പർ ലഭിക്കുന്നതിന് 19-5-23ന് അപേക്ഷ എടയൂർ പഞ്ചായത്തിൽ നൽകിയതാണ്. നാളിത് വരെ നമ്പർ ലഭിച്ചിട്ടില്ല. | 400891/ BPRL01/G PO/2023/ 5083 dt 19-6-23 |

| | | | | | | |
|---|---|---|---|---|---|---|
| 4 | BPMPM 20952000002 | Building Permit | Edayur | Jafer Kuruppanthodi | എടയൂർ പഞ്ചായത്തിൽനിന്നും വാണിജ്യ കെട്ടിട നിർമ്മാണത്തിന് എ3.163667 /2022 നമ്പർ പ്രകാരം അനുമതി എടുത്ത് നിർമ്മാണം പൂർത്തീകരിച്ച് 17-2-23ന് കെട്ടിട നമ്പറിന് അപേക്ഷ നൽകി കാത്തിരിക്കുകയാണ്. ഇത് വരെ കെട്ടിട നമ്പർ ലഭിച്ചില്ല. | : 400891 /BPMC01/ GPO/2023 /1445 dt 17-2-23 |

അദാലത്ത് ജില്ലാ ടൌൺ പ്ലാനിംഗ് ഓഫീസിൽ വെച്ച് 2 പിഎംന് നടത്തി. അദാലത്ത് മെമ്പറും കുറ്റിപ്പുറം ബ്ലോക്ക് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുമായ ശ്രീ. മനോജ്കുമാർ, എടയൂർ ജി പി, കുറ്റിപ്പുറം ജി പി, ഇരിമ്പിളിയം ജി പി ജീവനക്കാരും പരാതിക്കാരും ഓൺലൈനായും അദാലത്തിൽ പങ്കെടുത്തു. കുറ്റിപ്പുറം, ഇരിമ്പിളിയം ജി പികളിലെ അപേക്ഷകർ ഓൺലൈനിൽ ആപ്ലിക്കേഷൻ വഴി സമർപ്പിച്ചു. എടയൂർ ജി പിയിൽനിന്നും സ്യൂമോട്ടോ എടുത്ത സേവനം വൈകിയ അപേക്ഷകളാണ് അദാലത്തിൽ പരിഗണിച്ചത്.

തീരുമാനങ്ങൾ :

കുറ്റിപ്പുറം

പരാതി 1. ആയിഷ എന്നവർ നിർമ്മാണം പൂർത്തീകരിച്ച കെട്ടടത്തിന് നമ്പർ ലഭിക്കുന്നതിന് 27-5-23ന് കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചു. നാളിത് വരെ നമ്പർ ലഭിച്ചില്ല എന്നതാണ് വിഷയം. ഐഎൽജിഎംഎസ് ഫയൽ പരിശോധിച്ചപ്പോൾ അകാരണമായ താമസം ഈ സേവനം നൽകുന്നതിൽ വന്നിട്ടുണ്ടെന്ന് ബോധ്യപ്പെട്ടു. ആയതിമേൽ സെക്ഷൻ ക്ലാർക്ക് നൽകിയ വിശദീകരണം, ഫ്രണ്ട് ഓഫീസിൽ അപേക്ഷ ലഭിച്ചപ്പോൾ പെർമിറ്റ് അപേക്ഷ എന്ന മൈനർ ഫങ്ഷനിലാണ് എടുത്തത്. അത് കാരണം നികുതി ഡിമാൻറ് ചെയ്യാൻ കഴിയാതെ വന്നത് മൂലം നമ്പർ നൽകാൻ വൈകി എന്നാണ്. അദാലത്തിൽ പരാതി വന്ന ഉടനെ തന്നെ വിഷയം സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തുകയും സാങ്കേതിക പ്രശ്നം പരിഹരിക്കുകയും ഇന്ന് നമ്പർ നൽകുകയും ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു. അപേക്ഷകൻ മീറ്റിംഗിൽ ഹാജരായി പരാതി പരിഹരിച്ചിട്ടുണ്ടെന്നും അറിയിച്ചു. നമ്പർ അനുവദിച്ച വിവരം സെക്രട്ടറി രേഖാമൂലം അറിയിക്കേണ്ടതാണ്. സെക്രട്ടറിയുടെ കത്ത് കിട്ടിയെന്ന് ഈ ഓഫീസിലെ സെക്ഷൻ ക്ലാർക്ക് ഉറപ്പ് വരുത്തേണ്ടതാണ്. പരാതി പരിഹരിച്ചതിനാൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് തീരുമാനിച്ചു.

ഇരിമ്പിളിയം

പരാതി-.1 കെടി ജമീല, മാനേജർ, എച്ച് എ എൽ പി സ്കൂൾ. സ്കൂൾ കോംബൌണ്ടിൽ കേന്ദ്രസർക്കാർ ഫണ്ട് ഉപയോഗിച്ച് അടുക്കള നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് അപേക്ഷ 18-5-23ന് പഞ്ചായത്തിൽ നൽകിയതാണ്. അപാകതകൾ കാണിച്ച് മടക്കിയ ഫയൽ അപാകത പരിഹരിച്ച് 1-8-23ന് വീണ്ടും സമർപ്പിച്ചു. നാളിത് വരെ പെർമിറ്റ് ലഭിച്ചില്ല. പെർമിറ്റ് ലഭിച്ച് നിർമ്മാണം നടത്താൻ കഴിയാത്തതിനാൽ ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യമാണ്. ഈ അപേക്ഷയുടെ ഫയൽ ILGMS വഴി പരിശോധിച്ചു. അപാകതകൾ കാണിച്ച് നൽകിയ കത്തിലെ നിർദ്ദേശപ്രകാരം 1-8-23ന് പുനസമർപ്പിച്ച അപേക്ഷയിൽ തുടർനടപടി വൈകുന്നതിന് തൃപ്തികരമായ വിശദീകരണം നൽകാൻ സെക്രട്ടറിക്കും അസി. എഞ്ചിനീയർക്കും കഴിഞ്ഞിട്ടില്ല. നേരത്തെ നൽകിയ നോട്ടീസുകളിൽ കാണിക്കാത്ത ചില കാരണങ്ങൾ (നിലവിലുള്ള കെട്ടിടത്തിന് നമ്പർ ഇല്ല) ആണ് അവർ ഉന്നയിച്ചത്. അസി. എഞ്ചിനീയർ സൈറ്റ് സന്ദർശനം നടത്തി കാണിച്ച് തന്ന സ്ഥലത്താണ് അടുക്കള നിർമ്മാണം നടത്തുന്നതിന് പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത് എന്ന് മാനേജർക്ക് വേണ്ടി ഹാജരായ ഹെഡ് മിസ്ട്രസ്സ് അറിയിച്ചു. ഒരു പൊതുവിദ്യാഭ്യാസ സ്ഥാപനത്തിൻറെ അടുക്കള നിർമ്മാണത്തിന് പെർമിറ്റിനായി 18-5-23ന് നൽകിയ അപേക്ഷയിൽ താളിത് വരെ തീരുമാനമെടുക്കാതെ സേവനം വൈകിപ്പിച്ചത് ഗൌരവമായി കാണുന്നു. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സൌകര്യങ്ങൾ മെച്ചപ്പെടുത്തൽ പഞ്ചായത്തിൻറെ കൂടി ഉത്തരവാദിത്വമായിരിക്കെ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാവുന്നത് സെക്രട്ടറിയുടെയും അസി. എഞ്ചിനീയറുടെയും ഭാഗത്ത്നിന്നുള്ള വീഴ്ചയായി കാണുന്നു. ആയതിനാൽ 20-9-23ന് മുമ്പായി അപേക്ഷയിൽ തീർപ്പ് കല്പിച്ച് പരാതിക്കാരനെയും ഈ

ഓഫീസിനെയും അറിയിക്കേണ്ടതാണ് എന്ന് തീരുമാനിച്ചു. തുടർനടപടി, സെക്രട്ടറി, അസി. എഞ്ചിനീയർ. ഈ തീരുമാനം നടപ്പാക്കുന്നു എന്ന് ഈ ഓഫീസിലെ സെക്ഷൻ ക്ലാർക്ക് ഐഎൽജിഎംഎസ് വഴി പരിശോധിച്ചും നേരിട്ട് അന്വേഷിച്ചും ഉറപ്പ് വരുത്തേണ്ടതാണ്.

എടയൂർ ജി പി

പരാതി–1 മുനീർ, ഫാത്തിമ സുഹറ. വീട് നമ്പർ ലഭിക്കുന്നതിന് 19–5–23ന് അപേക്ഷ എടയൂർ പഞ്ചായത്തിൽ നൽകിയതാണ്. നാളിത് വരെ നമ്പർ ലഭിച്ചിട്ടില്ല എന്നാണ് പരാതി. അപേക്ഷ യിൽ അന്വേഷണം പൂർത്തീകരിച്ച് നികുതി ഡിമാൻറ് ചെയ്തിട്ടുണ്ട് എന്ന് സെക്ഷൻ ക്ലാർക്ക് അറിയിച്ചു. എന്നാൽ ടി വിവരം അപേക്ഷകനെ രേഖാമൂലം അറിയിച്ചിട്ടില്ല. അപേക്ഷകനെ ബന്ധപ്പെട്ട് നികുതി ഈടാക്കാം എന്നും രണ്ട് ദിവസത്തിനകം നമ്പർ അനുവദിക്കാമെന്നും അവർ അറിയിച്ചു. സേവനം നൽകി അപേക്ഷ തീർപ്പാക്കിയ വിവരം രേഖാമൂലം സെക്രട്ടറി അറിയിക്കേണ്ടതാണ്.

പരാതി–2. ജാഫർ കുറുപ്പൻതൊടി. എടയൂർ പഞ്ചായത്തിൽനിന്നും വാണിജ്യ കെട്ടിട നിർമ്മാണത്തിന് എ3.163667 /2022 നമ്പർ പെർമിറ്റ് പ്രകാരം അനുമതി എടുത്ത് നിർമ്മാണം പൂർത്തീകരിച്ച് 17–2–23ന് കെട്ടിട നമ്പറിന് അപേക്ഷ നൽകി കാത്തിരിക്കുകയാണ്. ഇത് വരെ കെട്ടിട നമ്പർ നൽകിയില്ല എന്നാണ് പരാതി. സമർപ്പിച്ച പ്ലാനിൽ അപാകതകൾ ഉണ്ടായതിനാലാണ് സേവനം നൽകുന്നത് വൈകിയത് എന്നും അദാലത്തിൽ ഈ അപേക്ഷ പരിഗണനക്ക് വന്ന ഉടനെതന്നെ സെക്രട്ടറി വിഷയത്തിൽ ഇടപെടുകയും കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് സെക്ഷൻ ക്ലാക്ക് അറിയിച്ചു. സേവനം നൽകിയ വിവരം കെട്ടിട നമ്പർ സഹിതം രേഖാമൂലം സെക്രട്ടറി അറിയിക്കേണ്ടതാണ് തീരുമാനിച്ചു.

ഈ മീറ്റിംഗിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നു എന്ന് ഈ ഓഫീസിലെ സെക്ഷൻ ക്ലാർക്ക് സമയാസമയങ്ങളിൽ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും adalatapp.lsgkerala.gov.in എന്ന ആപ്പിൽ ഈ പരാതികളിൽ അപ്ഡേഷൻ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് നിർദ്ദേശം നൽകിയും തീരുമാനിച്ചു.

യോഗം 3. പിഎംന് അവസാനിച്ചു.

മലപ്പുറം ഉപജില്ലാ സമിതി–2 ന് വേണ്ടി,

1.ഖാലിദ് പി കെ, ഇൻറേണൽ വിജിലൻസ് ഓഫീസർ, കൺവീനർ (ഒപ്പ് )

2.റെനി എൽ ജെ, ഡെപ്യൂട്ടി ടൌൺ പ്ലാനർ, അംഗം (ഒപ്പ് )

3.മനോജ്കുമാർ എം എസ്, അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ, അംഗം (ഒപ്പ് )

//ശരിപ്പകർപ്പ്//



ഖാലിദ് പി കെ,

ഇൻറേണൽ വിജിലൻസ് ഓഫീസർ & കൺവീനർ, സ്ഥിര അദാലത്ത് ഉപജില്ലാ സമിതി–2

പകർപ്പ് :–

1. സെക്രട്ടറി, എടയൂർ ഗ്രാമ പഞ്ചായത്ത്
2. സെക്രട്ടറി, കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്
3. സെക്രട്ടറി, ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത്